16.07.2022

## പത്രക്കുറിപ്പ്

# തൃശൂർ ജില്ലയിൽ 113 കെ.എസ്.ഇ.ബി. ഓഫീസുകൾ ഹരിത ഓഫീസുകളായി

### വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി പ്രഖ്യാപനം നടത്തി

തൃശൂർ ജില്ലയിലെ 113 കെ.എസ്.ഇ.ബി. ഓഫീസുകൾ ഹരിതഓഫീസുകളായി. ഇതുസംബന്ധിച്ച പ്രഖ്യാപനം വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി നിർവ്വഹിച്ചു. ശ്രീ. പി. ബാലചന്ദ്രൻ എം.എൽ.എ.യുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ആമുഖ പ്രഭാഷണം നടത്തി.

തൃശൂർ ജില്ലയിലെ നാല് സർക്കിളുകളിലായി കെ.എസ്.ഇ.ബി.യുടെ ജനറേഷൻ, ട്രാൻസ്മിഷൻ, സബ് ഡിവിഷൻ ഓഫീസുകളായി പ്രവർത്തിക്കുന്ന ഓഫീസുകളിൽ ഉണ്ടാകുന്ന പ്ലാസ്റ്റിക് അജൈവ മാലിന്യങ്ങൾ, ആഹാര അവശിഷ്ടങ്ങൾ അടങ്ങിയ ജൈവ മാലിന്യങ്ങൾ, ഉപയോഗ ശൂന്യമായ ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ, ട്യൂബ് ലൈറ്റ്, ബൾബ് തുടങ്ങിയ ഹസാർഡസ് വേസ്റ്റ് എന്നിവയുടെ ശാസ്ത്രീയമായ കൈമാറലും സംസ്കരണവും ഉറപ്പാക്കൽ തുടങ്ങി 32 വിലയിരുത്തൽ ഘടകങ്ങൾ പ്രധാനമായും പരിശോധിച്ചതിനുശേഷമാണ് ജില്ലയിലെ 113 ഓഫീസുകൾക്ക് ഹരിത ഓഫീസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ശുചിത്വമിഷനുമായി ചേർന്നാണ് കെ.എസ്.ഇ.ബി. ഓഫീസുകൾ ഹരിത ഓഫീസുകളാക്കി മാറ്റാനുള്ള പ്രവർത്തനം സംഘടിപ്പിച്ചത്.

ഹരിതകേരളം മിഷൻ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ജീവനക്കാർക്ക് ബോധവത്കരണ, പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുകയും ഓരോ ഓഫീസിലും ഒരു കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥന് തുടർപരിപാലനത്തിനും മേൽനോട്ടത്തിനും ചുമതല നൽകിയിട്ടുണ്ട്.

ഓഫീസിനുള്ളിലും പുറത്തും ശുചിത്വം ഉറപ്പാക്കുന്നതിനുവേണ്ടി ഇവിടങ്ങളിൽ ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ അവിടുത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേന വഴി യൂസർഫീ നൽകി കൈമാറുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ഇ-വേസ്റ്റ്, ഹസാർഡസ് വേസ്റ്റ്, മറ്റു ഖരമാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി വഴിയോ മറ്റ് അംഗീകൃത ഏജൻസിവഴിയോ യഥാസമയം നീക്കം ചെയ്യും. ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നിരവധി കെ.എസ്.ഇ.ബി. ഓഫീസുകളിൽ ഇതിനകം ട്രൈപോട്ട്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ സ്ഥാപിച്ചുകഴിഞ്ഞു. മിക്ക ഓഫീസുകളിലും സാനിട്ടറി പാഡ് സംസ്കരിക്കുന്നതിനുള്ള ചെറിയ ഇൻസിനറേറ്ററും സ്ഥാപിച്ചിട്ടുണ്ട്. ശുചിമുറിയിൽ ജലലഭ്യത, വൃത്തി എന്നിവയും ഉറപ്പാക്കുന്നുണ്ട്. ശുചിത്വ പരിപാലനത്തിന് പുറമെ സ്ഥലം ലഭ്യമായ നിരവധി കെ.എസ്.ഇ.ബി. ഓഫീസ് പരിസരങ്ങളിൽ ഇതിനകം തന്നെ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചിട്ടുണ്ട്. ഓഫീസ് പരിസരത്ത് പൂന്തോട്ടനിർമ്മാണവും പരിപാലനവും നടക്കുന്നുണ്ട്. ചടങ്ങിൽ ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുത്തു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**9447587632**